

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail:mailkeraleeyam@gmail.com

## മനുഷ്യവാസം പരിമിതപ്പെടുത്തും

**പശ്ചിമഘട്ടം** പ്രത്യേകലക്കം വളരെ നന്നായിരിക്കുന്നു. ലേഖനങ്ങളും അഭിമുഖ സംഭാഷണങ്ങളും ചർച്ചകളും എല്ലാം നന്ന്. എന്നാലും പശ്ചിമഘട്ടത്തിനെന്ത് സംഭവിക്കാൻ പോകുന്നു എന്ന് നമുക്കെല്ലാവർക്കുമറിയാം. അൽപ്പകാലത്തേക്കിലും ഇന്ത്യയുടെ ഏകാധിപതിയാവുക എന്നത് എന്റെ സ്വപ്നവും അഭിലാഷവുമാണ്. അങ്ങനെയൊരവസരം കിട്ടുകയാണെങ്കിൽ ഞാൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളിൽ രണ്ടെണ്ണം പറയട്ടെ. 1) സമുദ്രനിരപ്പിൽ നിന്നും 5000 അടി ഉയരം വരെയുള്ള ഭൂമിയിൽ മാത്രമായി മനുഷ്യവാസം പരിമിതപ്പെടുത്തും. അതിന് മേലെയുള്ള മനുഷ്യരെ എല്ലാം - ആദിവാസികളെയും വന്തവാസികളെയും സർക്കാർ ഓഫീസുകളെയും (വനംവകുപ്പ് ഓഫീസ് അടക്കം) താഴേക്കിറക്കി സ്ഥാപിക്കുകയും മനുഷ്യന്റെ മണമടിച്ചാൽ അവനെ കടിച്ചുകീറാൻ വെമ്പുന്ന വിധത്തിലുള്ള പരിശീലനം നൽകി വേട്ടപ്പട്ടികളെ കാട്ടിൽ അഴിച്ചുവിടുകയും ചെയ്യും. കാട്ടിൽ നിന്നും ഒഴുകിയിറങ്ങുന്ന തെളിനീർ കൈകളിൽ കോരിയെടുത്ത് യഥേഷ്ടം വിഷം ചേർത്ത് മനുഷ്യർ ആഹരിക്കട്ടെ. മേൽക്കാടുകളിൽ ആളൊഴിഞ്ഞ് ശേഷിക്കുന്ന ആരാധനാലയങ്ങളിലും ടൂറിസ്റ്റ് ഹോട്ടലുകളിലും സർക്കാർ ഓഫീസുകളിലും പക്ഷിമൃഗാദികൾ പാർക്കട്ടെ. 2) ഒരാൾക്ക് ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാനാവില്ല എന്നും വ്യവസ്ഥ ചെയ്യുന്നതാണ്. ഇന്ത്യയിലെ 120 കോടി ജനതതിന് കൈവശം വയ്ക്കാൻ 120 കോടി ഏക്കർ ഭൂമി ലഭ്യമാണോ എന്നറിയില്ല. എന്തായാലും ട്രസ്റ്റിന്റെയോ പ്ലാന്റേഷന്റെയോ വ്യവസായത്തിന്റെയോ സ്ഥാപനങ്ങളുടെയോ പേരിലും ആർക്കും ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാനാവില്ല. ആ ഒരേക്കർ എവിടെയായിരിക്കും എന്നത് ഉടമയുടെ മൂല്യം നിർണ്ണയിക്കും. സോണിയാ ഗാന്ധിക്ക് കൊണാർട്ട് പ്ലെയിസിൽ ഒരേക്കർ. ചോമൻ പണിയന് കൂമൻകൊല്ലിയിൽ ഒരേക്കർ. ഒരോ പൗരനും നാഷണൽ ഐഡന്റിറ്റി കാർഡുണ്ടാവുകയും ഭൂവുടമസ്ഥത അതിൽ രേഖപ്പെടുത്തുകയും ചെയ്യും.

**കെ.ആർ. ഇന്ദിര, തൃശൂർ**



## ഡാർവിനിൽ നിന്നും ചിലത് പഠിക്കാനുണ്ട്

**നമ്മുടെ** പൈതൃകം നമുക്ക് സംരക്ഷിക്കേണ്ടുന്നതിന്റെ ആവശ്യകത എല്ലാവിഭാഗം വിദ്യാർത്ഥികളേയും ബോധ്യപ്പെടുത്താൻ ഉപകരിക്കുന്ന പതിപ്പാണ് കേരളീയം പശ്ചിമഘട്ടം ലക്കം. ആധുനിക പരിണാമ വിജ്ഞാനീയരിൽ അഗ്രഗണ്യനായ തിയൊഡോഷ്യസ് ഡോബ്ഷാസ്കിയുടെ പ്രസിദ്ധമായ ഉദ്ധരിണിയുണ്ട് - "പരിണാമ സിദ്ധാന്തത്തിന്റെ വെളിച്ചത്തിലല്ലാതെ ജീവശാസ്ത്രത്തിലെ ഒന്നും തന്നെ മനസ്സിലാക്കാൻ കഴിയില്ല". ഈ പ്രസ്താവനയ്ക്ക് ഇന്നും പ്രസക്തിയുണ്ട്. നവംബർ 13 ഡാർവിന്റെ പ്രശസ്തമായ 'ജീവവർഗ്ഗങ്ങളുടെ ഉത്പത്തിയെക്കുറിച്ച്' എന്ന പുസ്തകം പ്രസിദ്ധീകരിച്ചതിന്റെ 153-ാം വാർഷികമായിരുന്നു. 'ബീഗിൾ യാത്രയുടെ ആദ്യഘട്ടത്തിൽ, ഡാർവിൻ ഭൂവിജ്ഞാനീയ പര്യവേക്ഷണങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നു. തെക്കേ അമേരിക്കയിൽ ഒട്ടകപക്ഷിയോട് സാദൃശ്യമുള്ള റിയ എന്നൊരു പക്ഷിയുണ്ട്. പുൽമേടുകളായ പാമ്പാസിൽ തെക്കോട്ട് പോകും തോറും പാരിസ്ഥിതിക ഘടകങ്ങളിൽ വ്യത്യാസമുണ്ടാകും. അതിനനുസരിച്ചുണ്ടായ മാറ്റങ്ങളുടെ ഫലമായി പുതിയൊരു റിയ സ്പീഷീസ് തന്നെയുണ്ടായി. തെക്കോട്ടുപോയപ്പോൾ ട്രിയാഡെൽ ഫ്യൂജിയോയിൽ ഡാർവിൻ ആദ്യമായി ആദിവാസികളെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അവസാനത്തെ ഗവേഷണ വിഷയം മണ്ണിരയായിരുന്നു. മനുഷ്യന്റെ അവരോഹണത്തിൽ ഡാർവിൻ പുതിയൊരു സിദ്ധാന്തം മുന്നോട്ട് വച്ചു. പ്രകൃതിയിലെ പ്രതിഭാസങ്ങൾക്ക് വിശദീകരണങ്ങൾ തേടുക എന്നതാണ് ശാസ്ത്രത്തിന്റെ ലക്ഷ്യം. താഴ്ന്ന തലങ്ങളിലുള്ള ഒരു ജീവിയായ മണ്ണിരയ്ക്ക് മേൽമണ്ണിന്റെ രൂപീകരണത്തിലുള്ള പങ്ക് വലുതാണ് എന്നു പറഞ്ഞാണ് 1881ൽ അവസാനപുസ്തകം പുറത്തിറങ്ങിയത്. സഹജവും ജൈവീകവുമായി ജീവിതത്തെ പുനഃക്രമീകരിക്കുന്നില്ലെങ്കിൽ ആർക്കും ഭാവിയില്ല- എന്ന പ്രസ്താവനയുടെ ആമുഖമാണ് ആ വലിയ മനുഷ്യന്റെ നിരീക്ഷണങ്ങൾ. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിയാലൊന്നും പശ്ചിമഘട്ടത്തെ മുഴുവനായും വിഴുങ്ങാനാവില്ല.

**അജിത്രി, കോട്ടയ്ക്കൽ, മലപ്പുറം**

## പാപികൾക്ക് വേണ്ടി ഒരു ഇടയലേഖനം

**പശ്ചിമഘട്ടം** ലക്കം നന്നായിട്ടുണ്ട്. എന്നാൽ തൊട്ടുപിന്നാലെ ഇറങ്ങിയ ഇടുക്കി രൂപതയുടെ ഇടയലേഖനം കൂടി എല്ലാവരും വായിക്കേണ്ടതുണ്ട്. എത്ര സമർത്ഥമായാണ് മശിഹായിൽ സഹോദരി സഹോദരന്മാരെ സഭ തെറ്റിധരിപ്പിക്കുന്നത്. അന്തരാഷ്ട്ര ഗൂഢാലോചനയായാണ് റിപ്പോർട്ടിനെ ഇടയലേഖനം വിശേഷിപ്പിക്കുന്നത്. എന്താണെന്ന് വ്യക്തമാക്കുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രശ്നങ്ങളായി ഇടയലേഖനത്തിൽ പറയുന്ന പല കാര്യങ്ങളും റിപ്പോർട്ടിന്റെ നിലപാടിന് വിരുദ്ധമായതാണ്. ഒരു ജനതയെ രണ്ട് നൂറ്റാണ്ടോളം പിന്നോട്ട് കൊണ്ടുപോകാൻ റിപ്പോർട്ട് കാരണമാകുമെന്നും ഇടയലേഖനം പറയുന്നുണ്ട്. ഈ പോക്ക് തുടർന്നാൽ അര നൂറ്റാണ്ടുപോലും മുന്നോട്ട് പോകാൻ കഴിയില്ലെന്ന് എനിക്കുറപ്പാണ്. സഭാമേലാളന്മാർക്കും ഇക്കാര്യമറിയാവുന്നതാണ്. പിന്നെന്തിനാണ് ഈ നാടകം? പരിസ്ഥിതിപാപം കുമ്പസരിക്കേണ്ട കുറ്റമായി ഉൾപ്പെടുത്തിയ സഭ ഈ ഇടയലേഖനത്തിലൂടെ പാപികൾക്ക് വേണ്ടി വാദിക്കുകയാണെന്ന് ഗാഡ്ഗിൽ റിപ്പോർട്ട് മനസ്സിരുത്തി വായിക്കുന്ന ആർക്കും മനസ്സിലാകും. ഈ സഭാമേലാളന്മാരോട് ദൈവം ക്ഷമിക്കട്ടെ, സഭാമക്കളും.

**ജോൺസി മറ്റത്തിൽ, പ്രവിത്താനം, കോട്ടയം**